**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 841</u>** **<u>14-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ബഫർ സോൺ കരട് വിജ്ഞാപനം പുന:പരിശോധിക്കുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, കീരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖല ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷിസങ്കേത കേന്ദ്രത്തിന്റെ ഒരു കി.മി. ദൂരം ചുറ്റളവിലുള്ള പ്രദേശങ്ങളെ അതിതീവ്ര പരിസ്ഥിതി ലോല മേഖലയാക്കി കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ 1 കി.മി. ചുറ്റളവ് പാരിസ്ഥിതിക സംവേദന മേഖലയായി (ഇക്കോ സെൻസിറ്റീവ് സോൺ) പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഈ മേഖലകളിൽ കടുത്ത നിയന്ത്രണങ്ങൾ വരുമെന്നും, വ്യവസായങ്ങൾക്കും കാർഷിക പ്രവർത്തികൾക്കും തടസ്സം ഉണ്ടാകുമെന്നുമുള്ള പ്രദേശ വാസികളുടെയും ജനപ്രതിനിധികളുടെയും ആശങ്കകൾ അവർ സർക്കാരിനെ പരാതിയായും, യോഗങ്ങളിലും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | വന്യമൃഗങ്ങൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ജീവിതദുരിതമനുഭവിക്കുന്ന പ്രദേശവാസികൾക്ക് വീണ്ടും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ് ബഫർ സോൺ പ്രഖ്യാപനമെന്നതിനാൽ ഇപ്പോൾ ഇറക്കിയിട്ടുള്ള കരട് വിജ്ഞാപനം പുന:പരിശോധിക്കുന്നതിനുവേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ; | (ബി) | ജനവാസ മേഖലകളെ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനായി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് |
| (സി) | പ്രദേശവാസികളുടെ ഇത്തരത്തിലുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിനും ജനവാസകേന്ദ്രങ്ങൾ ഒഴിവാക്കി പകരം വന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് കരട് വിജ്ഞാപനം പുതുക്കി ഇറക്കുന്നതിനും വേണ്ട ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (സി) | വനപ്രദേശങ്ങൾ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രദേശവാസികളുടെ ആശങ്കകൾ ഉൾക്കൊണ്ട് ജനവാസമേഖലകൾ ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കാനാണ് പുതുക്കിയ നിർദ്ദേശം അം ഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ